കുഞ്ഞുങ്ങളെ ആറ്റിലെറിയുന്ന അമ്മ



കോന്നിയൂർ ആർ. നരേന്ദ്രനാഥ്

ചന്ദ്രവംശത്തിൽ പെട്ട ശന്തനു എന്ന രാജാവ് ഒരിക്കൽ കാട്ടിൽ വേട്ടയാടാൻപോയി. പഴയ കാലത്ത് രാജാക്കന്മാർ വേട്ടയ്ക്കു പോകേണ്ടതു് ഒരു കർത്തവ്യമായി കരുതിയിരുന്നു എന്ന കാര്യം മറക്കരുത്. അന്ന് മനുഷ്യർ എണ്ണത്തിൽ താരതമ്യേന കുറവും വന്യജന്തുക്കൾ കൂടുതലുമായിരുന്നു. അതുകൊണ്ട് പ്രജകളുടെ സുഖസൗകര്യങ്ങളിൽ തൽപരരായിരുന്ന രാജാക്കന്മാർ വേട്ടചെയ്തു കാട്ടുജന്തുക്കളെ നിയന്ത്രിക്കുവാൻ ശ്രമിച്ചിരുന്നു. സ്വന്തം വിനോദവും സമൂഹസേവനവുമായിരുന്നു അത്. എന്നാൽ ഇന്ന് വന്യജീവികൾ പലതും മനുഷ്യന്റെ കയ്യേറ്റംകൊണ്ട് കുറയുക മാത്രമല്ല, അന്യംനിൽക്കുമെന്ന നിലയും പ്രാപിച്ചിട്ടുണ്ട്. വേട്ടയാടുന്നതു് നിയന്ത്രിക്കുവാൻ പരിഷ്കൃതരാജ്യങ്ങളിൽ പലയിടത്തും നിയമംതന്നെ ഉണ്ടാക്കിയിട്ടുണ്ട്. വേട്ടയാടുവാൻ പാടില്ലാത്ത ജന്തുക്കളുടെ ദീർഘമായ പട്ടികതന്നെ തയ്യാറാക്കിയിട്ടുമുണ്ട്. പണ്ട് കാട്ടുജന്തുക്കളിൽനിന്ന് മനുഷ്യരെ രക്ഷിക്കേണ്ടതു് രാജധർമ്മമായിരുന്നു. എന്നാൽ ഇന്ന് കാട്ടുജീവികളെ രക്ഷിക്കേണ്ടതു് മനുഷ്യരാശിയുടെ ഒരു കർത്തവ്യമായി പരിണമിച്ചിരിക്കുന്നു! അതു് അങ്ങനെയിരിക്കട്ടെ!

നമുക്ക് പഴയ കഥ തുടരാം. ശന്തനു വേട്ടയാടി നടക്കുമ്പോൾ, വനത്തിൽ ഒരു സങ്കേതത്തിൽവച്ച് അതിസുന്ദരിയായ ഒരു യുവതിയെ കാണുവാനിടയായി. അവളുടെ അഴക് രാജാവിന്റെ ശ്രദ്ധയെ വളരെ ആകർഷിച്ചു. അവൾ ആരെന്നോ എവിടെനിന്ന് എങ്ങനെ അവിടെ വന്നുകൂടി എന്നോ അദ്ദേഹത്തിനു നിശ്ചയമില്ല. എങ്കിലും സുന്ദരിയായ അവളെ ഭാര്യയായി കിട്ടിയാൽ കൊള്ളാമെന്നായി അദ്ദേഹത്തിന്റെ ചിന്ത. ആശ നിയന്ത്രിക്കാൻ വയ്യാത്ത നിലയിലെത്തി. രാജാവല്ലേ? ആശിച്ച കാര്യം നടത്താതെ പിന്നെ വല്ല വിശ്രമവുമുണ്ടോ?

മനസ്സിലെ അടക്കാനാവാത്ത താൽപര്യം രാജാവ് അവളെ അറിയിക്കാൻ പിന്നെ അമാന്തിച്ചില്ല. സുന്ദരി വളരെ ലജ്ജിച്ചു. സൗമ്യയായി മിണ്ടാതെനിന്ന അവളെ രാജാവ് കൂടുതൽ നിർബന്ധിച്ചു.

ചില വ്യവസ്ഥകൾക്ക് വിധേയനാകുമെങ്കിൽ, രാജാവിന്റെ ആഗ്രഹമനുസരിച്ച് അവൾ ഭാര്യയായിത്തീരാമെന്ന് ഒടുവിൽ സമ്മതിച്ചു. എന്തായിരുന്നു സുന്ദരിയുടെ വ്യവസ്ഥകൾ?

അവൾ ചെയ്യുന്ന കാര്യങ്ങൾക്കൊന്നിനും തടസ്സം പറയരുത്.

സ്നേഹമില്ലാത്തമട്ടിൽ അവളോട് ഒരിക്കലും സംസാരിച്ചുകൂടാ.

അവൾ ആരാണെന്ന് അന്വേഷിക്കരുത്. ഈ വ്യവസ്ഥകൾക്കു വിപരീതമായി എന്തെങ്കിലും രാജാവു ചെയ്താൽ, അവൾ ഉടനെ രാജാവിനെ ഉപേക്ഷിച്ച് സ്ഥലംവിടും.

എന്തിന്, ശന്തനു സുന്ദരിപ്പെണ്ണിന്റെ വ്യവസ്ഥകൾ സ്വീകരിച്ചു. അവളെ കൊട്ടാരത്തിലേക്കു കൊണ്ടുപോയി. അവൾ രാജ്ഞിയായി.

അവർ കുറേ വർഷങ്ങൾ സുഖമായി കൊട്ടാരത്തിൽ ജീവിച്ചു.

രാജ്ഞി ഗർഭവതിയായപ്പോൾ ശന്തനുവിനുണ്ടായ സന്തോഷത്തിന് അതിരുണ്ടായിരുന്നില്ല. തനിക്ക് ഒരു സൽസന്താനത്തെ ലഭിക്കുമെന്ന് ആലോചിക്കുന്തോറും അദ്ദേഹത്തിനു തോന്നിയ ആനന്ദം എത്രയായിരുന്നു!

രാജ്ഞി ഒരു കുഞ്ഞിനെ പ്രസവിച്ചു. എന്നാൽ അടുത്തനിമിഷം അവൾ എന്താണു ചെയ്തതെന്നോ? ആ ചോരക്കുഞ്ഞിനെ എടുത്തു് · ആരോടുമുരിയാടാതെ

ഗംഗാനദിയിൽ കൊണ്ടുപോയി എറിഞ്ഞുകളഞ്ഞു. എന്തൊരക്രമമാണ്! മഹാപാപം! ശിശുഹത്യതടയേണ്ടതു് രാജാവിന്റെ കർത്തവ്യമല്ലേ? പിതാവിന്റെ ചുമതലയല്ലേ? എന്നാൽ ശന്തനുവിന് ഒന്നും ചെയ്യുവാൻ സാധിച്ചില്ല. മനസ്സിൽ തോന്നിയ രോഷവും, ഹൃദയത്തിലുളവായ വേദനയും സ്വയം വിഴുങ്ങുകയല്ലാതെ വഴിയൊന്നുമുണ്ടായിരുന്നില്ല. മുമ്പുചെയ്ത കരാർ പാലിക്കാതെയിരുന്നാൽ അവൾ തന്നെ ഉപേക്ഷിക്കും. അവൾ എന്തു ചെയ്താലും തടസ്സം പറയാൻ വയ്യാ. പരുഷമായി എന്തെങ്കിലും പറയാൻ പോലും പാടില്ല! ധർമ്മസങ്കടത്തിൽ പെട്ട രാജാവ് മിണ്ടാതെ കഴിഞ്ഞുകൂടി.

കാലം പിന്നെയും കടന്നുപോയി.

റാണി വീണ്ടും ഗർഭവതിയായി.

രാജാവ് പഴയ ദുഃഖമൊക്കെ മറന്നു വരാൻപോകുന്ന സന്തോഷം പ്രതീക്ഷിച്ചു കഴിഞ്ഞു.

എന്നാൽ അതുണ്ടായില്ല.

റാണി പ്രസവിച്ചു. ആദ്യത്തെപ്പോലെ ഇത്തവണയും അവൾ കുഞ്ഞിനെ ഗംഗാനദിയിലേക്ക് വലിച്ചെറിഞ്ഞു.

രാജാവ് കണ്ണുനീർ സ്വയം വിഴുങ്ങി. പ്രതിഷേധിക്കുവാൻ അദ്ദേഹത്തിനു കഴിവുണ്ടായില്ല!

ഏഴുതവണ രാജ്ഞി ഗർഭംധരിച്ചു. പ്രസവിച്ചു. ഏഴുതവണയും കുഞ്ഞുങ്ങളെ അമ്മ ആററിലെറിഞ്ഞു!

എട്ടാമത്തെ ഗർഭമായി. അവൾ പ്രസവിച്ചു. പഴയ പതിവനുസരിച്ച് അവൾ കുഞ്ഞിനെ ആററിലേക്ക് വലിച്ചെറിയാൻ ഒരുങ്ങി.

രാജാവിനു സഹിക്കവയ്യാതായി. സുന്ദരിയായ ഭാര്യയുണ്ട്. അവൾ യഥാകാലം ഗർഭവതിയാകുന്നുണ്ട്. അരിഷ്ടതയൊന്നുമില്ലാതെ പ്രസവിക്കുന്നുണ്ട്. സുന്ദരന്മാരായ ചോരക്കുഞ്ഞുങ്ങൾ! എന്നാൽ അവരെയൊക്കെ അമ്മ ആററിൽ വലിച്ചെറിയുന്നു! ഈ മഹാപാപം തടയേണ്ടതു് പിതാവിന്റെ കർത്തവ്യമല്ലേ? ശിശുഹത്യ ഹീനമായ കുററമല്ലേ? അതു് തടയുവാൻ രാജാവെന്ന നിലയിലും തനിക്ക് ധർമ്മമില്ലേ?

എന്തു സംഭവിച്ചാലും ഇത്തവണ ഇവളെ ഈ ക്രൂരകൃത്യം ചെയ്യുവാൻ സമ്മതിക്കുകയില്ല. അദ്ദേഹം ഭാര്യയോടു യാചിച്ചു: ''എന്റെ ഈ കുഞ്ഞിനെ എനിക്കു തരൂ! മഹാപാപം ചെയ്യരുതേ!''

രാജ്ഞി അതു് കേട്ടതായി ഭാവിച്ചതേയില്ല. കുട്ടിയേയുമെടുത്തു് ഗംഗാതീരത്തേക്ക് നടക്കുവാൻ അവൾ തയ്യാറായി.

രാജാവിന് കോപവും സങ്കടവും അടക്കുവാൻ സാധിച്ചില്ല. അതു കണ്ടപ്പോൾ റാണി ചോദിച്ചു: ''എന്തു്? അങ്ങ് എന്നോടു സമ്മതിച്ച കാര്യങ്ങൾ മറന്നുപോയോ? കൊള്ളാം! നിങ്ങൾക്ക് ഈ കുട്ടിയെ മതി! എന്നെ വേണ്ട! അല്ലേ? ശരി! ഞാൻ എന്റെ വഴിക്കു പോകുന്നു!''

രാജാവ് വളരെ പറഞ്ഞുനോക്കി. അവളെ സമാധാനിപ്പിക്കുവാൻ. എന്നാൽ അവൾ അതു് ചെവിക്കൊണ്ടില്ല.

എന്നാൽ ഒരു കാര്യം ഏററു. ഈ കുഞ്ഞിനെ അവൾ വളർത്തും. വളർന്ന് മിടുക്കനാകുമ്പോൾ രാജാവിന് തിരിച്ചു കൊടുത്തുകൊള്ളാം.

അങ്ങനെ കുഞ്ഞിനേയുംകൊണ്ട് അവൾ കൊട്ടാരം വിട്ടു പുറത്തുപോയി.

ഭാര്യയേയും കുഞ്ഞിനേയും നഷ്ടപ്പെട്ട രാജാവു വളരെ ദുഃഖിച്ചു. എന്നാൽ എത്രകാലം അങ്ങനെ സങ്കടപ്പെട്ടു കഴിയാനൊക്കും?

കാലം പൊയ്ക്കൊണ്ടിരുന്നു.

രാജാവിന്റെ ഹൃദയവേദന ക്രമേണ കുറഞ്ഞു. ദുഃഖത്തെ കുറയ്ക്കുന്ന ഏററവും നല്ല മരുന്നാണല്ലോ കാലം.

പഴയമാതിരി രാജ്യകാര്യങ്ങളിൽ അദ്ദേഹം ആമഗ്നനായി. വിനോദത്തിലും വിരുന്നിലുമൊക്കെ അദ്ദേഹം പങ്കുകൊണ്ടുതുടങ്ങി.

അങ്ങനെയിരിക്കുമ്പോൾ ഒരിക്കൽ ശന്തനു മൃഗയാവിനോദത്തിനായി വനത്തിലേക്കു പോയി. ഗംഗാതീരത്തിലെ മനോഹരമായ കാനനപ്രദേശം. അഴകുള്ള ആരാമംപോലെ പൂത്തു തളിർത്തു വളർന്നു നിൽക്കുന്ന കാട്ടുചെടികൾ. അഴകുള്ള പറവകൾ വിഹരിക്കുന്ന അന്തരീക്ഷം. എവിടെയും ആനന്ദത്തിന്റെ അലകൾ!

വേട്ടയാടി ക്ഷീണിച്ച അദ്ദേഹം ഒരു വന്മരത്തിന്റെ ശീതളച്ഛായയിൽ വിശ്രമിക്കുവാനിരുന്നു. മന്ദമാരുതനേററ് ശരീരമാകെ രോമാഞ്ചമണിഞ്ഞു.

അതാ! സുന്ദരനായ ഒരു ബാലൻ അല്പം അകലെ കാണാറായി! ഈ ഘോരവനത്തിൽ അഴകും ആരോഗ്യവുമുള്ള ഒരു ബാലനെ കാണുക! അവനെ അദ്ദേഹം മാടിവിളിച്ചു. എന്തെന്നില്ലാത്ത അടുപ്പം, സ്നേഹം അവനോടു തോന്നി.

''കുട്ടീ! നീ ആരാണ്?''— രാജാവ് മധുരമായി അവനോടു ചോദിച്ചു.

എന്നാൽ പുഞ്ചിരിച്ചുകൊണ്ട് അവൻ ഓടിക്കളഞ്ഞതല്ലാതെ മറുപടി പറഞ്ഞില്ല.

രാജാവിന്റെ ഹൃദയം നൊന്തു! അദ്ദേഹം അവിടെയിരുന്ന് ഗംഗയെ ധ്യാനിച്ചു. സ്തുതിച്ചു.

അദ്ഭുതമെന്നല്ലാതെ എന്തു പറയാൻ! അതാ! ഗംഗാദേവി ഒരു സുന്ദരിയുടെ രൂപത്തിൽ മുമ്പിലേക്കു വരുന്നു!

ദേവിയോട് അവിടെ കണ്ട കുമാരൻ ആരാണെന്ന് ആർത്തിയോടെ അന്വേഷിച്ചു.

ഗംഗാദേവി കാര്യകാരണങ്ങളെല്ലാം വിസ്തരിച്ചു പറഞ്ഞു.

''ഈ കുമാരനാണ് ഗംഗാദത്തൻ. അങ്ങയുടെ പുത്രൻ. അങ്ങയുടെ പുത്രൻ! ഞാൻ ഇത്രയുംകാലം അവനെ വളർത്തി. എന്റെ പ്രതിജ്ഞയനുസരിച്ച് ഇതാ അവനെ മടക്കിത്തരുന്നു! സ്വീകരിക്കുക!''—

ശന്തനു അദ്ഭുതവിവശനായി. ആനന്ദംകൊണ്ട് മത്തനായി. മകനെയുംകൊണ്ട് കൊട്ടാരത്തിലേക്കു പോയി.

അതിസുന്ദരിയായിരുന്ന സ്ത്രീ ദേവകാര്യത്തിനായി മനുഷ്യരൂപമെടുത്തു ഭൂമിയിൽ എത്തിയ ഗംഗയായിരുന്നു. എന്നാൽ എന്തായിരുന്നു ആ കാര്യം എന്നറിയേണ്ടേ? അതുകൂടി ധരിച്ചാലേ കഥയുടെ തുടർച്ചയും ബന്ധവുമൊക്കെ വ്യക്തമാകൂ.

ഇക്ഷ്വാകുവെന്ന രാജവംശത്തിൽ പേരും പെരുമയും ഉണ്ടായിരുന്ന ഒരു രാജാവുണ്ടായിരുന്നു. മഹാഭിഷക് എന്നായിരുന്നു അദ്ദേഹത്തിന്റെ പേര്. സൽകൃത്യങ്ങൾ അനുഷ്ഠിച്ചിരുന്നതിനാൽ അദ്ദേഹത്തിന് ദേവലോകത്തു് സുഖമായി ജീവിക്കുവാനുള്ള അവസരം കൈവന്നു. ഒരിക്കൽ അദ്ദേഹം ബ്രഹ്മാവിനെ കാണാനായി പോയി. അവിടെ ചെന്നപ്പോൾ ബ്രഹ്മാവിനെ കാണാനായി വളരെയധികം ദേവന്മാർ എത്തിയിട്ടുണ്ടായിരുന്നു. അവരുടെ കൂട്ടത്തിൽ ഗംഗാദേവിയും ഉണ്ടായിരുന്നു. എന്നാൽ അവിടെവെച്ച് മഹാഭിഷക്കും ഗംഗാദേവിയും ദേവന്മാർക്കു യോജിച്ച തരത്തിലല്ല പെരുമാറിയതു്. അവരുടെ പെരുമാററദൂഷ്യം മനസ്സിലാക്കിയ ബ്രഹ്മാവ് കോപിഷ്ഠനായി. അവർ രണ്ടുപേരും മനുഷ്യരായി ഭൂമിയിൽ ജനിക്കാൻ ഇടവരട്ടെ എന്നു ബ്രഹ്മാവു ശപിച്ചു. ദേവന്മാരുടെ നിലപ്രാപിക്കത്തക്ക പക്വത വരുന്നതുവരെ അവർ അങ്ങനെ ഭൂമിയിൽ കഴിയണം. അതു കഴിഞ്ഞാൽ പഴയപദവിയിൽ തിരിച്ച് ദേവലോകത്തിൽ എത്താം.

ഈ സംഭവം നടന്ന കാലത്തു് മറെറാരു കാര്യംകൂടി നടന്നു.

ഇന്ദ്രന്റെ പരിചാരകരായി എട്ടുപേരുണ്ടായിരുന്നു. അവരെ അഷ്ടവസുക്കൾ എന്നാണു് വിളിക്കുന്നതു്. ഇവർ ഭാര്യമാരോടുകൂടി കളിച്ചുനടക്കുമ്പോൾ, വസിഷ്ഠ മുനിയുടെ ആശ്രമത്തിൽ എങ്ങനെയോ ചെന്നുകൂടി. ആ അവസരത്തിൽ വസിഷ്ഠൻ അവിടെ ഉണ്ടായിരുന്നില്ല. ആശ്രമത്തിനടുത്തു് അഴകുള്ള ഒരു പശു നില്ക്കുന്നതാണു് അവർ കണ്ടതു്. അഷ്ടവസുക്കളിൽ ദ്യോവു് ഈ പശുവിന്റെ മഹത്വങ്ങൾ ഭാര്യയെ വിവരിച്ചു കേൾപ്പിച്ചു. അതു കേട്ടുകഴിഞ്ഞപ്പോൾ ദ്യോവിന്റെ ഭാര്യയ്ക്കു്, ആ പശുവിനെ തന്റെ ഒരു കൂട്ടുകാരിക്കു സമ്മാനിക്കണമെന്നു് ആഗ്രഹം അടക്കാനാവാതെയുണ്ടായി. അതുകൊണ്ടു് ആരോടും ഒന്നും മിണ്ടാതെ ദ്യോവു് ആ പശുവിനേയും അതിന്റെ കുട്ടിയേയും അഴിച്ചുകൊണ്ടുപോയി. ഒരു പശുമോഷണം അദ്ദേഹം നടത്തിയെന്നർത്ഥം.

വസിഷ്ഠമഹർഷി മടങ്ങിവന്നപ്പോൾ തന്റെ പശുവായ നന്ദിനിയേയും കുട്ടിയേയും അവിടെ കണ്ടില്ല. തിരക്കേണ്ടിടത്തൊക്കെ തിരക്കി. പക്ഷേ ഫലമുണ്ടായില്ല. സങ്കടമായി. ഒടുവിൽ അദ്ദേഹം തന്റെ അദ്ഭുതകരമായ കഴിവുകൊണ്ടു് നന്ദിനിക്കു് എന്താണു സംഭവിച്ചതെന്നു മനസ്സിലാക്കി. ആശ്രമത്തിൽ അനുമതിയില്ലാതെ കടന്നുകയറി തന്റെ പ്രിയപ്പെട്ട പശുവിനെ മോഷ്ടിച്ച അഹങ്കാരിയായ അഷ്ടവസുക്കളെ അദ്ദേഹം ശപിച്ചു. അവരെല്ലാം മനുഷ്യരായി ഭൂമിയിൽ ജനിക്കട്ടെ എന്നായിരുന്നു ശാപം.

വിവരം അറിഞ്ഞപ്പോൾ വസുക്കൾ വളരെ ദുഃഖിച്ചു. ശാപമോചനം നൽകി രക്ഷിക്കണമെന്നു് മുനിയോടു കേണു് അപേക്ഷിച്ചു. മഹർഷിയുടെ കോപം ഒന്നു ശമിച്ചു. അധികം കുററവാളികളല്ലാത്ത ഏഴു വസുക്കൾ കുറച്ചുകാലം മനുഷ്യരായിരുന്നാൽ മതി. എന്നാൽ ദ്യോവു് അവരെക്കാൾ കൂടുതൽ കാലം അങ്ങനെ കഴിഞ്ഞേ പററൂ.

ഈ കാലത്തു് ബ്രഹ്മാവിന്റെ ശാപംകൊണ്ടു ദുഃഖിച്ചു കഴിയുന്ന ഗംഗയെ അവർ കണ്ടു. അവർ പരസ്പരം വിവരങ്ങൾ സംസാരിച്ചു. അവർ തുല്യദുഃഖിതരാണു്. മനുഷ്യസ്ത്രീയായി ഗംഗാദേവി ഭൂമിയിൽ കഴിയുമ്പോൾ ആ ദേവിയുടെ സന്താനങ്ങളായി വസുക്കൾ ജനിക്കുന്നതാണു് ഉത്തമമെന്നു് തീരുമാനിച്ചു. അവരിൽ ഏഴു വസുക്കൾ ഗംഗയുടെ മക്കളായി യഥാകാലം പിറക്കണമെന്നും, പിറന്നുകഴിഞ്ഞാലുടൻ അമ്മ അവരെ ഗംഗാനദിയിലേക്കു് എറിഞ്ഞുകളയണമെന്നും, അല്പസമയത്തെ മനുഷ്യരൂപത്തിനുശേഷം അവർ ശാപമോചിതരായി ദേവലോകത്തിൽ എത്തിക്കൊള്ളണമെന്നുമായിരുന്നു വ്യവസ്ഥ. ഗംഗാദേവിയും ഇതിനു സമ്മതിച്ചു.

ബ്രഹ്മാവിന്റെ ശാപം കിട്ടിയ മഹാഭിഷക് ചന്ദ്രവംശത്തിലെ പ്രതീപനെന്ന രാജാവിന്റെ പുത്രനായ ശന്തനുവായിട്ടാണു് ലോകത്തിൽ പിറന്നതു്. ശന്തനു വേട്ടയാടി വനത്തിൽ നടക്കുമ്പോൾ കണ്ടുമുട്ടിയ സുന്ദരി ഗംഗയുമായിരുന്നു. അവർക്കുണ്ടായ ആദ്യത്തെ ഏഴു ആൺകുഞ്ഞുങ്ങളെ ഗംഗാനദിയിലേക്കു് എറിഞ്ഞ കാര്യം മുമ്പു പറഞ്ഞല്ലോ. അവർ ഏഴു വസുക്കളായിരുന്നു. എട്ടാമത്തെ ദ്യോവാണു് ഗംഗാദത്തനായി—അതായതു് ഭീഷ്മരായി— ജനിച്ചതു്!

കെട്ടിപ്പിണഞ്ഞുകിടക്കുന്ന കാര്യകാരണബന്ധങ്ങളും ഇതുവഴി വ്യക്തമായില്ലേ? കുഞ്ഞുങ്ങളെ കാരുണ്യമില്ലാതെ ആററിലെറിഞ്ഞ അമ്മയുടെ പ്രവൃത്തിയുടെ പൊരുളും തെളിഞ്ഞില്ലേ?

———

എങ്ങനെ ജയിച്ചു-?



വേളൂർ കെ.സി.തോമസ്

അവനു് ഹൃദയം തകരുകയാണു്. കവിളുകളിൽ കൂടി കണ്ണീർച്ചാലുകൾ ഒഴുകുകയാണു്. ജീവിതത്തിൽ ആദ്യമായിട്ടാണു് കണക്കു പരീക്ഷ കഴിഞ്ഞു് വെളിയിലേയ്ക്കിറങ്ങി കരയുക. എങ്ങനെ കരയാതിരിക്കും? തോററുപോകും— നിശ്ചയം! മുൻപൊരിക്കലും തോററിട്ടില്ല. അതും വർഷാവസാനപ്പരീക്ഷയിൽ.

ഒരുപക്ഷേ, കൂട്ടുകാർ കളിയാക്കും:

''ഓ വല്യ പഠിത്തക്കാരനായിട്ടു് തോററുപോയല്ലോ.''

അച്ഛനും അമ്മയും കുററപ്പെടുത്തും:

''പുതിയ സ്കൂളിൽ വന്നിട്ടു് പഠിക്കാഞ്ഞിട്ടല്ലേ നീ തോററതു്?''

പക്ഷേ, താൻ വളരെ ഉൽസാഹിച്ചു പഠിച്ചല്ലോ. നാട്ടിലെ സ്കൂളിൽവച്ചു് ഇങ്ങനെ പഠിച്ചിട്ടില്ല.

ഇവിടെ അദ്ധ്യാപകരുടെയെല്ലാം പ്രശംസയ്ക്കു പാത്രമായി കഴിഞ്ഞതാണു്.

ഈ സ്കൂളിൽ ചേർന്ന ദിവസംതന്നെ സഹപാഠികൾ തന്റെ സാമർത്ഥ്യം കണ്ടുപിടിച്ചു. ക്ലാസ്സിൽ ആർക്കും അറിഞ്ഞുകൂടാത്ത ഉത്തരങ്ങൾ താനല്ലേ പറഞ്ഞതു്!

ഇന്റർവെൽ സമയത്തു് പലരും തന്റെ അടുത്തുകൂടി.

''എവിടെയാ ഗോപീടെ വീടു്? ഇത്രനാളും ഏതു സ്കൂളിലാ പടിച്ചെ? അച്ഛനെന്തോന്നാ ജോലി? ഇപ്പം നിങ്ങളെവിടെയാ താമസം?''

എല്ലാം അവർക്കറിയണം. എല്ലാം താൻ പറഞ്ഞുകൊടുക്കുകയും ചെയ്തു.

സ്ഥലം മാറി വന്ന സ്കൂൾ ഇൻസ്പെക്ടറുടെ മകനാണു് താനെന്നു കേട്ടപ്പോൾ അവരങ്ങു ഞെട്ടിപ്പോയി. തന്റെ അച്ഛനാണല്ലോ ഇനി അവരെ പരിശോധിക്കാൻ വരിക! അവരെ മാത്രമോ? അവരുടെ ഹെഡ്മാസ്റ്ററെയും അദ്ധ്യാപകരേയും എല്ലാം.